(ബി) 10 വർഷത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ട്; അവയിൽ സർവ്വീസ് നടത്തുന്നവ എത്ര;

(സി) കെ.എസ്.ആർ.ടി.സി. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ കൂടുതൽ മൂലധനനിക്ഷേപം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കിയും റിപ്പയറിനായി പിടിച്ചിരിക്കുന്ന ബസ്സുകളെല്ലാംതന്നെ സമയബന്ധിതമായി റിപ്പയർ ചെയ്തു നിരത്തിലിറക്കിയും വാഹന വ്യൂഹത്തിന്റെ ഉപയുക്തത വർദ്ധിപ്പിച്ചു വരികയാണ്. കൂടാതെ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവു മൂലം ഉണ്ടാകുന്ന ക്യാൻസലേഷൻസ് ഒഴിവാക്കുന്നതിനായി എംപാനലിംഗ് ഉൾപ്പെടെയുള്ള നടപടികൾ മുഖാന്തിരം നിയമനം നടത്തി ബസ്സുകളുടെ ഉപയുക്തത വർദ്ധിപ്പിച്ചുവരികയാണ്. ഇതിന്റെയൊക്കെ ഫലമായി 76% ഉണ്ടായിരുന്ന ഉപയുക്തത ഇപ്പോൾ 85% വരെയായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 10 വർഷവും അതിലധികവും പഴക്കമുള്ള 859 ബസ്സുകൾ നിലവിലുണ്ട്. ഈ ബസ്സുകൾ എല്ലാംതന്നെ സർവ്വീസ് നടത്തുന്നതിന് യോഗ്യമാണ്.

(സി) ഉണ്ട്.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റുകളിലെ പേ ആന്റ് യൂസ് ടോയ്‌ലറ്റുകളിൽ നിന്നുള്ള വരുമാനം

51 [3565] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം ബസ്സ് സ്റ്റേഷനുകളിലാണ് ടോയ്‌ലറ്റുകൾ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നവീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ടോയ്‌ലറ്റുകൾ പണം കൊടുത്ത് ഉപയോഗിക്കുക എന്ന സമ്പ്രദായമനുസരിച്ചുള്ളവയാണോ;

(സി) ഇവ ആരാണ് നടത്തുന്നത് എന്നും ഇവയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് എത്ര സംഖ്യ ലഭിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) നവീകരണ പ്രവർത്തനം നടത്തുന്നതിനുമുമ്പ് ഇവിടെ നിന്നുള്ള ടെണ്ടർ അനുസരിച്ചുള്ള പ്രതിവർഷ വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ സഹായത്തോടെ ടോയ്‌ലറ്റുകൾ നവീകരിച്ചിട്ടില്ല. കൊട്ടാരക്കര, കോട്ടയം, തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ പുതുതായി ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, അടൂർ എന്നീ ബസ് ഡിപ്പോകളിൽ ടോയ്‌ലറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) അതെ.

(സി) സുലഭ് ഇന്റർനാഷണൽ എന്ന സാമൂഹ്യസേവന സംഘടനയാണ് ടോയ്‌ലറ്റുകൾ നടത്തുന്നത്. കെ.എസ്.ആർ.ടി.സി.ക്ക് വരുമാനമൊന്നും ലഭിക്കുന്നില്ല. പത്ത് വർഷത്തേക്കാണ് കരാർ നൽകിയിട്ടുള്ളത്. ആദ്യവർഷം ഓരോ ടോയ്‌ലറ്റിന് 40,000 രൂപയും (നാല്പതിനായിരം) തുടർന്നുള്ള ഓരോ വർഷവും 5% (അഞ്ചു ശതമാനം) കൂട്ടിയുള്ള രൂപ വീതവും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടേയും ടൂറിസം വകുപ്പ് ഡയറക്ടറുടെയും ജോയിന്റ് അക്കൗണ്ടിൽ സുലഭ് ഇന്റർനാഷണൽ നിക്ഷേപിക്കണം. ഈ തുക ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും പുതിയ ടോയ്‌ലറ്റുകൾ പണിയുന്നതിനും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നാണ് കരാർ വ്യവസ്ഥ.

(ഡി) ടെണ്ടർ അനുസരിച്ചുള്ള വരുമാനം താഴെപ്പറയുന്ന പ്രകാരമാണ്:

ബസ് സ്റ്റേഷൻ	*കാലാവധി*	*വരുമാനം*
കൊട്ടാരക്കര	10-5-2003 മുതൽ 31-3-2004 വരെ	1,00,000 (ഒരു ലക്ഷം രൂപ)
തൃശ്ശൂർ	1-4-2004 മുതൽ 31-3-2005 വരെ	5,04,214 (അഞ്ചുലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ)
ഗുരുവായൂർ	1-4-2004 മുതൽ 31-3-2005 വരെ	47,500 (നാല്പത്തെഴായിരത്തി അഞ്ഞൂറു രൂപ)
കോട്ടയം	1-4-2004 മുതൽ 31-3-2005 വരെ	3,33,777 (മൂന്നുലക്ഷത്തി മുപ്പത്തി മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി ഏഴ് രൂപ)
ചങ്ങനാശ്ശേരി	1-4-2004 മുതൽ 31-3-2005 വരെ	51,111 (അൻപത്തി ഒന്നായിരത്തി ഒരുനൂറ്റി പതിനൊന്നുരൂപ)

GPM. 2/611/2012—12

LIBRARY ARCHIVES Kerala Legislative Assembly

ബസ് സ്റ്റേഷൻ	കാലാവധി	വരുമാനം
എറണാകുളം	4-8-2004 മുതൽ 31-3-2005 വരെ	1,300 (ഓരോ ദിവസവും ആയിരത്തി മുന്നൂറുരൂപ)
കൊല്ലം	1-4-2004 മുതൽ 31-3-2005 വരെ	1,20,000 (ഒരുലക്ഷത്തി ഇരുപതിനായിരം രൂപ)
അടൂർ		പണംകൊടുത്ത് ഉപയോഗിക്കുന്ന ടോയ്‌ലറ്റ് ഉണ്ടായിരുന്നില്ല.

ഗ്രാമ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

52 [3566] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ഇറക്കിയ മിനി ബസ്സുകൾ നാഷണൽ പൈറേയിലും സംസ്ഥാന ഹേവേകളിലും, സർവ്വീസ് നടത്താതെ ബൈറൂട്ടുകളിലും റിമോട്ട് ഏരിയകളിലേക്കും സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം മിനി ബസ്സുകൾ കൂടുതൽ നിരത്തിലിറക്കി ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വലിയ ബസ്സുകൾ കടന്നുപോകാൻ കഴിയാത്ത ബൈറൂട്ടുകളിലും ഉൾനാടൻ സ്ഥലങ്ങളിലേക്കും മിനിബസ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. സമാന്തര സർവ്വീസുകളുമായി മത്സരിക്കുന്നതിന് പ്രധാന റോഡുകളിലും മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.യുമായി ബന്ധപ്പെട്ട കേസുകൾ തീർക്കാൻ അദാലത്ത്

53 [3567] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എ.സി.റ്റി. വിധിയിൻമേൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര കോടി രൂപ വിവിധ ജില്ലകളിലായി നഷ്ടപരിഹാരം നൽകാനുണ്ടെന്ന് ജില്ല

LIBRARY ARCHIVES Kerala Legislative Assembly